പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 180/ 16.06.2014 ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) അന്യസംസ്ഥാന തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാന രംഗത്ത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) അന്യസംസ്ഥാന തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്തെ ക്രമസമാധാന രംഗത്ത് ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ചില അന്യ സംസ്ഥാന തൊഴിലാളികൾ ക്രൈം കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടിട്ടുണ്ട്. ഇവർ നടത്തിയ കുറ്റകൃത്യങ്ങൾക്ക് എതിരെ കേസുകൾ രജിസ്റ്റർ ചെയ്യും അറസ്റ്റ് ചെയ്യും നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ കേരളത്തിന്റെ സമാധാന അന്തരീക്ഷത്തിന് അപകടമുണ്ടാക്കുന്ന തരത്തിൽ രൂക്ഷമായ പ്രശ്നം ഇത്തരം തൊഴിലാളികളുടെ ഭാഗത്തു നിന്നും നിലവിൽ ഇല്ല. സമാധാന അന്തരീക്ഷം തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ സംസ്ഥാന പോലീസ് മതിയായ ജാഗ്രത പുലർത്തിവരുന്നുണ്ട്. |
| (ബി) അന്യസംസ്ഥാനതൊഴിലാളികളെ നിരീക്ഷിക്കുന്നതിനും, അവരുടെ തിരിച്ചറിയൽ രേഖകൾ നിർബന്ധമാക്കുന്നതിനും നടപടിയെടുത്തിട്ടുണ്ടോ; | (ബി) അന്യ സംസ്ഥാന തൊഴിലാളികളെ ജോലിക്കായി കൊണ്ടുവരുന്ന ഏജന്റുമാരോ, കോൺട്രാക്ടർമാരോ അവരുടെ പേരും മേൽവിലാസവും, ഫോട്ടോയും സഹിതമുള്ള വിശദവിവരങ്ങൾ അതാത് പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബറേഴ്സ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.13/09 പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | |
|---|---|
| (സി) മയക്കുമരുന്നുകൾ ഇവർ മുഖേന കൈമാറ്റം ചെയ്യപ്പെടുന്നുവെന്ന വാർത്തകളുടെ നിജസ്ഥിതി കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം സംഭവങ്ങളിൽ കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. 2013 വർഷത്തിൽ അന്യ സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ട 32 കേസുകളും 2014 വർഷത്തിൽ 01.06.2014 വരെ 8 കേസുകളും NDPS Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ